**റൂളിംഗ്**

മി. സ്പീക്കർ: അംഗങ്ങളായ ശ്രീ. എം. ഉമ്മർ, ശ്രീ. കെ. എം. മാണി, ശ്രീ. എൻ. ഷംസുദ്ദീൻ എന്നീ അംഗങ്ങൾ ഉന്നയിച്ച തടസ്സവാദങ്ങൾക്ക് ബഹുമാനപ്പെട്ട പാർലമെന്ററികാര്യ വകുപ്പുമന്ത്രി വിശദീകരണം നൽകുകയുണ്ടായി. ബില്ലിലെ വ്യവസ്ഥകൾ പ്രത്യക്ഷത്തിൽ നിയമസഭയുടെ നിയമനിർമ്മാണ അധികാരങ്ങൾക്ക് പുറത്താണെന്നോ ഭരണഘടനാവിരുദ്ധമാണെന്നോ ഉള്ള തടസ്സവാദങ്ങൾ നിലനിൽക്കുന്നതല്ലെന്നാണ് ചെയറിന്റെയും അഭിപ്രായം. എന്നാൽ ബില്ലിലെ ഏതാനും ഖണ്ഡങ്ങളെ സംബന്ധിച്ച് ആഴത്തിലുള്ള പഠനവും പരിശോധനയും വേണ്ടിവന്നേക്കാമെന്ന് തന്നെയാണ് ചെയർ കരുതുന്നത്. അപ്രകാരമുള്ള പരിശോധനകൾ ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റി തലത്തിൽ നടത്താൻ അവസരമുണ്ട്. ആ അവസരം ബഹുമാന്യരായ അംഗങ്ങൾ വിനിയോഗിക്കണം. ബില്ലിന്റെ അവതരണത്തിനെതിരെയുള്ള തടസ്സവാദങ്ങൾ നിലനിൽക്കുന്നതല്ലെന്ന് റൂൾ ചെയ്യുന്നു; ബിൽ അവതരിപ്പിച്ചിരിക്കുന്നു.